**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 07 ചൊവ്വ**

---

# മെയ് മാസത്തെ റേഷൻ സാധനങ്ങൾ

ആലപ്പുഴ: മെയ് മാസത്തിൽ അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ ചുവടെ: എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 30 കിലോഗ്രാം അരിയും അഞ്ചു കിലോഗ്രാം ഗോതമ്പും സൗജന്യമായും ഒരു കിലോഗ്രാം പഞ്ചസാര 21 രൂപ നിരക്കിലും ലഭിക്കും. മുൻഗണന വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാലു കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് ര ു രൂപ നിരക്കിൽ ലഭിക്കും. പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് നാലു രൂപ നിരക്കിൽ ഓരോ അംഗത്തിനും ര ു കിലോഗ്രാം അരിയും കാർഡൊന്നിന് കിലോയ്ക്ക് 17 രൂപ നിരക്കിൽ ര ു കിലോഗ്രാം ആട്ടയും ലഭിക്കും. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ചു കിലോഗ്രാം ഭക്ഷ്യധാന്യം കിലോയ്ക്ക് 10.90 രൂപ നിരക്കിലും, കിലോയ്ക്ക് 17 രൂപ നിരക്കിൽ ര ു കിലോഗ്രാം ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുകൾക്ക് അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 35 രൂപ നിരക്കിലും ലഭിക്കും. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് സംശയവും പരാതികളും ഉ ങ്കിൽ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസ്, ചേർത്തല :0478-2823058 , താലൂക്ക് സപ്ലൈ ഓഫീസ്, അമ്പലപ്പുഴ :0477-2252547, താലൂക്ക് സപ്ലൈ ഓഫീസ്, കുട്ടനാട് :0477-2702352, താലൂക്ക് സപ്ലൈ ഓഫീസ്, കാർത്തികപ്പള്ളി :0479-2412751, താലൂക്ക് സപ്ലൈ ഓഫീസ്, മാവേലിക്കര :0479-2303231, താലൂക്ക് സപ്ലൈ ഓഫീസ്, ചെങ്ങന്നൂർ :0479-2452276, ജില്ലാ സപ്ലൈ ഓഫീസ്, ആലപ്പുഴ :0477-2251674.

# ടൂറിസ്റ്റ് ഗൈഡ് തിരിച്ചറിയൽ കാർഡുകൾ ഡി.റ്റി.പി.സി ഓഫീസിൽ തിരികെ സമർപ്പിക്കണം

ആലപ്പുഴ: ജില്ലയിൽ ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് ഉള്ള വ്യക്തികൾ ടൂറിസ്റ്റ് ഗൈഡ് ഐഡന്റിറ്റി കാർഡുകൾ ഡി.റ്റി.പി.സി ഓഫീസിൽ തിരികെ ഏൽപ്പിക്കണം. ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ 2016 ഫെബ്രുവരി ആറുമുതൽ മൂന്നു വർഷത്തേക്ക് ജില്ലയിലെ 154 ടൂറിസ്റ്റ് ഗൈഡുകൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള ടൂറിസ്റ്റ് ഗൈഡ് ലൈസൻസിന്റെ കാലാവധി അവസാനിച്ചു. ലൈസൻസ് ദുരുപയോഗം ചെയ്ത് ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ശിക്ഷാർഹമാണ്. ഡി.റ്റി.പി.സിയിൽ നിന്ന് നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ് ഏഴു ദിവസത്തിനകം ഓഫീസിൽ തിരികെ നൽകണമെന്ന് ഡി.റ്റി.പി.സി സെക്രട്ടറി അറിയിച്ചു.

# മഴക്കാലപൂർവ്വശുചീകരണം യോഗം ഇന്ന്

ആലപ്പുഴ: 2019 വർഷത്തെ ആരോഗ്യജാഗ്രത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിനായി കോർ കമ്മിറ്റിയുടെ യോഗം ഇന്ന് (മെയ് എട്ടിന്) ഉച്ചകഴിഞ്ഞ് 2.30ന് ജില്ല കളക്ടറുടെ ചേബറിൽ ചേരും. മെയ് 11, 12 തീയതികളിൽ നടക്കുന്ന തീവ്രശുചീകരണയജ്ഞത്തിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനം നടത്തുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ യോഗം അന്നേദിവസം മൂന്നിന് കോൺഫറൻസ് ഹാളിലും നടക്കും. സന്നദ്ധ സംഘടനകളുടെ യോഗത്തിൽ എൻ.എസ്.എസ്., എൻ.സി.സി, കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ ലയൺസ് ക്ലബ്, റോട്ടറി ക്ലബ്, ഹോട്ടൽ ആൻഡ് റസ്റ്റോറന്റ്സ് അസോസിയേഷൻ, കാറ്ററിങ് സർവ്വീസ് അസോസിയേഷൻ എന്നിവരും പങ്കെടുക്കണമെന്ന് ജില്ല കളക്ടർ അറിയിച്ചു.

# ചെങ്ങന്നൂർ ഐ.ടി.ഐ: ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ചെങ്ങന്നൂർ ഐ.ടി.ഐയിൽ 2019-20 സാമ്പത്തിക വർഷത്തേക്ക് പോഷകാഹാരം നൽകുന്നതിന് ഒരു ട്രെയിനിക്ക് ഒരു ദിവസം ആഴ്ചയിൽ ആറു ദിവസം എന്ന കണക്കിന് മുട്ടയും, പാലും പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ പ്രിൻസിപ്പൽ, ഗവ. ഐ.ടി.ഐ, ചെങ്ങന്നൂർ എന്ന വിലാസത്തിൽ മെയ് 22ന് വൈകിട്ട് മൂന്നിനകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.itichengannur.kerala.gov.in .ഫോൺ: 0479-2452210.

# കെൽട്രോണിൽ തൊഴിൽ നൈപുണ്യ വികസന കോഴ്സുകൾ

ആലപ്പുഴ :കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയാ ഡിസൈനിങ് ആന്റ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയ്ന്റനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളോജിസ്, വെബ് ഡിസൈൻ ആൻഡ് ഡെവലെപ്മെന്റ്സ്, ലോട്ട്, പെയ്ത്തൺ, ജാവ, ഡോട്ട് നെറ്റ്, പി. എച്ച്.പി എന്നിവയാണ് കോഴ്സുകൾ

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് സെന്ററിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ജൂൺ 30.വിശദവിവരങ്ങൾക്ക് :0471-2325154/4016555 എന്നഫോൺ നമ്പറിലോ, കെൽട്രോൺ നോളജ്സെന്റർ, ര ാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളജ് റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

# കെൽട്രോണിൽ ലോജിസ്റ്റിക്സ് സപ്ലൈ ചെയ്ൻ ഡിപ്ലോമ കോഴ്സ്

ആലപ്പുഴ :കേരളസർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളഡ്ജ സെന്ററിൽ ഒരു വർഷംദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിലേയ്ക്ക് പ്രവേശനം ആരംഭിച്ചു. വിദ്യാഭ്യാസയോഗ്യതതെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് സെന്ററിൽ അപേക്ഷ സമർപ്പിക്കാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷഫോം ലഭ്യമാണ്. അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് :0471-2325154/4016555 എന്നഫോൺ നമ്പറിലോ, കെൽട്രോൺ നോളജ്സെന്റർ, രൺാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളജ് റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുണം

# ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റെനൻസ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കെൽട്രോൺ നടത്തുന്ന കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റെനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജി കോഴ്സിന്റെ 2019-2020 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത: പ്ലസ്ടൂ, ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്ക്. പ്രായപരിധി ഇല്ല. ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ഹാർഡ്വെയർ, നെറ്റ്വർക്ക്, ലാപ്ടോപ് റിപെയർ, ഐഒറ്റി, സിസിറ്റിവിക്യാമറ ആന്റ് മൊബൈൽ ടെക്നോളജി എന്നീ മേഖലയിൽ ആയിരിക്കും പരിശീലനം നൽകുക. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് സെന്ററിൽ അപേക്ഷ സമർപ്പിക്കാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭിക്കും. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് :0471-2325154/4016555എന്നഫോൺ നമ്പറിലോ,കെൽട്രോൺ നോളജ്സെന്റർ, ര ാം നില, ചെമ്പിക്കലം ബിൽഡിങ്, ബേക്കറി-വിമൻസ് കോളജ് റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടണം.

# ഐ.എം.റ്റി പുന്നപ്ര: എം.ബി.എ ഇന്റർവ്യൂ ഇന്ന്

ആലപ്പുഴ: കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ കീഴിൽ കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.റ്റി.ഇയുടെയും അംഗീകാരത്തോടെ പുന്നപ്ര അക്ഷര നഗരികേപ്പ് കാമ്പസിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി (ഐ.എം.റ്റി) പുന്നപ്രയിൽ 2019-2021 ബാച്ചിലേക്കുള്ള ദ്വിവത്സര ഫുൾടൈം എം.ബി.എ പ്രോഗ്രാമിലേക്കുള്ള മൂന്നാംഘട്ട ഗ്രൂപ്പ് ഡിസ്ക്കഷൻ ഇന്റർവ്യൂ ഇന്ന് (മെയ് എട്ടിന്) രാവിലെ 10ന് കോളജിൽ നടത്തുന്നു. ഫിനാൻസ്, മാർക്കറ്റിങ്, ഹ്യൂമൺ റിസോഴ്സ്, ഓപ്പറേഷൻസ് എന്നീ

സ്പെഷ്യലൈസേഷനുകൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്. അമ്പതു ശതമാനം മാർക്കോടെ ബിരുദവും, കെ-മാറ്റ്/സി-മാറ്റ് /ക്യാറ്റ് ഉള്ളവർക്കും, അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. എസ്.സി/എസ്.റ്റിവിദ്യാർത്ഥികൾക്ക് സർക്കാർ, സർവ്വകലാശാല നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് കോളജുമായി ബന്ധപ്പെടുക. വിലാസം ഡയറക്ടർ, ഐ.എം.റ്റി പുന്നപ്ര, ഫോൺ 0477 2267602, 9746125234, 9447729772, 8129659827.www.imtpunnapra.org.

## സി.ബി.എസ്.ഇ പത്താം ക്ലാസ്സ് പരീക്ഷ: ചെന്നിത്തല ജവാഹർ നവോദയ വിദ്യാലയത്തിന് ഉന്നത വിജയം

ആലപ്പുഴ: സി.ബി.എസ്.ഇ പത്താം ക്ലാസ്സ് പരീക്ഷയിൽ ആലപ്പുഴ ജില്ലയിലെ ചെന്നിത്തല ജവാഹർ നവോദയ വിദ്യാലയം ഉന്നത വിജയം കരസ്ഥമാക്കി . പരീക്ഷ എഴുതിയ 79 വിദ്യാർത്ഥികളിൽ 72 പേർക്ക് ഡിസ്റ്റിംഗ്ഷനും ആറു പേർക്ക് ഫസ്റ്റ് ക്ലാസും, 11 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ1 ലഭിച്ചു. അലീന ആന്റണിയും ആർ.റോഷിനിയും 490 മാർക്കോടെ ഒന്നാം സ്ഥാനം പങ്കിട്ടു. അമൃത അജയ്, ലാലിമ്മ എന്നിവർ ര ും മൂന്നും സ്ഥാനം പങ്കിട്ടു. മാസ്റ്റർ ഉല്ലാസ് ഹരി, ജോഷിക രേണു, ബി.ഗാഥ, മാസ്റ്റർ അനീഷ് കുമാർ.എ, മാസ്റ്റർ, ബി. കൃഷ്ണേന്ദു,ബി. അശ്വതി,ശിവനന്ദു സുരേഷ് എന്നിവർ എല്ലാ വിഷയങ്ങൾക്കും എ1 കരസ്ഥമാക്കി.

# അശ്വമേധം-ചരിത്രവും, വർത്തമാനവും ഡോക്കുമെന്ററി പ്രകാശനം ചെയ്തു

ആലപ്പുഴ: ആരോഗ്യ കേരളം പദ്ധതിയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ അശ്വമേധം കുഷ്ഠരോഗ നിർണയ പ്രചരണ പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ ചരിത്രവും, വർത്തമാനവും എന്ന ഡോക്കുമെന്ററി ജില്ലാ കളക്ടർ എസ്. സുഹാസ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതകുമാരിക്ക് നൽകി പ്രകാശനം ചെയ്തു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. അനു വർഗീസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, ജില്ലാ മാസ് മീഡിയ ഓഫീസർ പി. എസ് സുജ, പി. ഉദയകുമാരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അശ്വമേധം കുഷ്ഠരോഗ നിർണയ പ്രചരണ പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ നടന്നിരുന്നു. പതിനെട്ട് മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയിൽ കുഷ്ഠരോഗത്തിന്റെ നേരത്തെയുള്ള അവസ്ഥയും, നിലവിലുള്ള സാഹചര്യവും വിശദമാക്കിയിട്ടു . ഡോക്യുമെന്ററിയുടെ രചനയും സംവിധാനവും നിർവ്വഹിച്ചത് പുന്നപ്ര തെക്ക് ഹെൽത്ത് ഇൻസ്പെക്ടറായ ജെ. ഷിജിമോനും സംഗീതം നൽകിയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ജയകൃഷ്ണൻ, രശ്മി എന്നവർ ചേർന്നാണ്.

# അസാപ് വിഭാഗം പ്ലേസ്മെന്റ് അവസരങ്ങളൊരുക്കുന്നു

മുൻ വർഷങ്ങളിൽ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് ആലപ്പുഴ ജില്ലയിലെ അസാപ് വിഭാഗം പ്ലേസ്മെന്റ് അവസരങ്ങളൊരുക്കുന്നു. 'വൈദഗ്ധ്യ' എന്ന പ്ലേസ്മെന്റ് പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായാണ് റെഗുലർ വിദ്യാഭ്യാസവും അസാപ് പരിശീലനവും കഴിഞ്ഞ തൊഴിൽ തേടുന്ന ഉദ്യോഗാർത്ഥികൾക്ക് മെയ് പതിനൊന്നിന് പ്ലേസ്മെന്റിന് മുൻപുള്ള അവസാന വട്ട പരിശീലനമൊരുക്കുന്നത്. തൊഴിലവസരങ്ങളും അതിനു വേ  വൈദഗ്ധ്യവും എന്നതിനെ സംബന്ധിച്ചുള്ള കൗൺസിലിങ് ക്ലാസും, ഉദ്യോഗാർത്ഥികൾക്ക് മോക്ക് ഇന്റർവ്യൂ, ബയോ ടാറ്റ ഡെവലൊപ്മെന്റ് എന്നിവ സംബന്ധിച്ചുള്ള പരിശീലനവും ഈ ദിവസം നൽകുന്നു.

ജി.എച്.എസ്.എസ് ചന്ദിരൂർ, എസ്.യു.വി.എച്.എസ്.എസ് പട്ടണക്കാട്, ജി.എച്ച്. എസ്.എസ്. എസ് എൽ പുരം എന്നി സ്കൂളുകളിൽ അസാപ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾ ജി.എച്. എസ്.എസ്. എസ് എൽ പുരത്തും, ജി.ജി.എച്.എസ്.എസ്.ഗേൾസ് ആലപ്പുഴ, ജി.എം.എച്ച്.എസ്.എസ്.അമ്പലപ്പുഴ,ജി.എച്ച്. എസ്.എസ് കിടങ്ങറ എന്നി സെന്ററുകളിൽ കോഴ്സ് പൂർത്തിയാക്കിയവർ ജി.എം.എച്.എസ്.എസ്.അമ്പലപ്പുഴയിലും, ജി.ജി.എച്.എസ്.എസ്.ഗേൾസ് മാവേലിക്കര, ജി.ജി.എച്.എസ്.എസ്.ഗേൾസ് കായംകുളം, ജി.എച്. എസ്.എസ് അങ്ങാടിക്കൽ സൗത്ത്, ജി.ജി.എച്.എസ്.എസ്.ഗേൾസ് ഹരിപ്പാട് എന്നി സെന്ററുകളിൽ കോഴ്സ് പൂർത്തിയാക്കിയവർ ജി.ജി.എച്ച.എസ്.എസ്.ഗേൾസ് മാവേലിക്കരയിലും മെയ് പതിനൊന്നിന് ( ശനിയാഴ്ച) രാവിലെ ഒൻപതു മണിക്ക് എക്സിക്യൂട്ടീവ് ഡ്രസ്സ് കോഡിൽ ബയോഡാറ്റയുമായി ഹാജരാക്കേ താണ്. വിശദവിവരങ്ങൾക്ക് 7025650203,9526251337,8156802191 എന്ന നമ്പറുകളിൽ ബന്ധപെടുക.